പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2939 — 17.10.2016 -ൽ മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 13.10.16 ലെ സ.ഉ.(കൈ) നം. 16/2016/എഫ് & സി.എസ്.ഡി നമ്പർ ഉത്തരവിലൂടെ മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരണം മുതൽ റേഷൻ കാർഡ് വിതരണം വരെയുള്ള പ്രവർത്തികൾ നടത്തുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ഈ സമയക്രമം കൃത്യമായി പാലിച്ച് 31.3.2017- നകം എൻ.എഫ്.എസ്.എ പൂർണ്ണമായ തോതിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ കമ്മീഷനും ജില്ലാ പരാതി പരിഹാര ഓഫീസുകളും രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) 13.10.16 ലെ സ.ഉ.(കൈ) നം. 16/2016/എഫ് & സി.എസ്.ഡി നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസറുടെ ചാർജ്ജ് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഡെപ്യൂട്ടി കളക്ടർ (ജനറൽ) ന് ഉത്തരവായിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷനെ രൂപീകരിക്കുന്നത് വരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനായിരിക്കും പരാതികൾ പരിഹരിക്കുന്നതിനുള്ള ചുമതല. |
| (സി) ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് ഗുണഭോക്താക്കളുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ? | (സി) ഉണ്ട്. മുൻഗണന/മുൻഗണനേതര പട്ടിക തയ്യാറാക്കിയത് 05.10.2016 മുതൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ